**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2771** | **20/06/2013-ൽ മറുപടിയ്ക്ക്**

**കുമളി സബ്സ്റ്റേഷനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കുമളി സബ്സ്റ്റേഷനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | (എ) കുമളി 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം പൊന്നുംവില തഹസിൽദാർ 19-04-2013-ന് അർത്ഥനാധികാരിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതാണ്. ഈ സ്ഥലം ബി. ടി. ആർ. പ്രകാരം നിലമായതിനാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ 31-05-2013-ന് പീരുമേട് തഹസീൽദാർക്ക് ഇടുക്കി ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) ബി. ടി. ആർ. പ്രകാരം നിലമായതിനാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി അനുമതി ലഭിക്കേണ്ടതുണ്ട്. |
| (സി) എത്ര സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുത്ത് കെ. എസ്. ഇ. ബിക്ക് കൈമാറുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ? | (സി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും ടി ഭൂമിയെ ഒഴിവാക്കി ഉത്തരവ് ലഭിച്ചാൽ 6 മാസത്തിനകം സ്ഥലം ഏറ്റെടുത്ത് നൽകാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.